## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3932 — 24/06/2014-ൽ മറുപടിക്ക്

## ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. എ.റ്റി. ജോർജ് :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ | ഉണ്ട്. 03.09.2013 ലെ സ.ഉ (എം.എസ്) നം. 68/13/പജപവവിവ, 23.10.2013 ലെ സ.ഉ. (എം.എസ്) നം. 84/13/പജപവവിവ എന്നിവ പ്രകാരം, 25 സെന്റ് മുതൽ ഒരു ഏക്കർ വരെ ഭൂമി പരമാവധി 10 ലക്ഷം രൂപ വരെ വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ, വയനാട്, കാസർഗോഡ് ജില്ലകളിലായി 72 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 25.55 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി | പട്ടികവർഗ്ഗ വികസന വകുപ്പ് 2010-11 ൽ ശേഖരിച്ച കണക്കുപ്രകാരം സംസ്ഥാനത്ത് 10517 ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ഇതിൽ 777 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ വഴി നാളിതുവരെ ഭൂമി നൽകിയിട്ടുണ്ട്. കൂടാതെ അന്യാധീനപ്പെട്ട ഭൂമിയ്ക്ക് പകരം ഭൂമി നൽകുന്ന നിയമ (KST Act) പ്രകാരം പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് തത്തേയംഗലം വില്ലേജിൽ അട്ടപ്പാടിയിൽനിന്നുള്ള 120 ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ വീതം ഭൂമി വിതരണം ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ ഭൂരഹിത കേരളം പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ 9 ജില്ലകളിലായി 450 പേർക്ക് 3 സെന്റ് വീതം ഭൂമിയും അനുവദിച്ച് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 9098 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുക എന്ന ലക്ഷ്യം കൈവരിക്കുക കൂടാതെ ആദിവാസികൾക്ക് അവർ ഇഷ്ടപ്പെട്ട് കണ്ടെത്തുന്ന ഭൂമി സ്വന്തമാക്കാനുള്ള അവസരം നൽകുക എന്ന ലക്ഷ്യവും ഈ പദ്ധതിയുടെ ഭാഗമാണ്. |

| | | | |
|---|---|---|---|
| സി | പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കാമോ; | സി | കേന്ദ്ര സഹായമൊന്നും കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ആദിവാസി പുനരധിവാസ വികസന മിഷൻ പ്രവർത്തനത്തിനുള്ള ഫണ്ടിൽ നിന്നാണ് ടി പദ്ധതി നടപ്പാക്കുന്നത്. |
| ഡി | പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി | ഓരോ ജില്ലയിലെയും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ കണ്ടെത്തുന്ന കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി ആവശ്യമായ പരിശോധനയും ലീഗൽ സ്ക്രൂട്ടിനിയും കഴിഞ്ഞശേഷം ഭൂവില സംബന്ധിച്ച് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഉന്നതതല സമിതിയുടെ അംഗീകാരത്തോടുകൂടി ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുന്ന നടപടിയാണ് സ്വീകരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**